# ഇളമന റോഡ് റസിഡന്റ്സ് അസോസിയേഷൻ Regn No. ER422/10

## മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ

1. **പേര്**
ഈ സംഘടനയുടെ പേര് ഇളമനറോഡ് റസിഡന്റ്സ് അസോസിയേഷൻ എന്നായിരിക്കും.

2. **വിലാസം**
കൈപ്പിള്ളി ഇല്ലം, ഇളമനറോഡ്, തൃപ്പൂണിത്തുറ - 682 301

3. **പ്രവർത്തനപരിധി**
ചക്കംകുളങ്ങര ഇളമനറോഡു മുതൽ നക്കനാത്ത് വരെ പടിഞ്ഞാറുവശം പ്രസ്തുതറോഡിൽ ഇരു ഭാഗത്തുമുളള ബൈലൈനുകളും വീടുകളും ഉൾക്കൊളളുന്നതാണ്.

4. **ഉദ്ദേശ്യലക്ഷ്യങ്ങൾ**

(1) യാതൊരുവിധ ലാഭോദ്ദേശ്യവുമില്ലാതെ വ്യക്തി രാഷ്ട്രീയങ്ങൾക്കും, സംഘടന രാഷ്ട്രീയ ങ്ങൾക്കും, ജാതിമത സാമ്പത്തിക പരിഗണനകൾക്കും അതീതമായി ഈ സംഘടന പ്രവർത്തിക്കുന്നതും, സംഘടനയുടെ യാതൊരു ധനവും അംഗങ്ങൾക്കിടയിൽ വീതിച്ച് നൽകുന്നതുമല്ലാത്തതാകുന്നു.

(2) സംഘടനയുടെ പ്രവർത്തനപരിധിയിൽ വരുന്ന അംഗീകൃത വീട്ടുടമകളുടെ പൗരാവകാശ നിയമാനുസൃത ആവശ്യങ്ങളും, അവകാശങ്ങളും നേടിയെടുക്കുക.

(3) ആവശ്യങ്ങളും അവകാശങ്ങളും ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടുക.

(4) ഏതെങ്കിലും അംഗത്തിന്റെയോ, അംഗങ്ങളുടെയോ 4.1 ൽ ഉദ്ദേശിച്ചിട്ടുളള അവകാശങ്ങളും ആവലാതികളും നിഷേധിക്കപ്പെട്ടതായി സംഘടനയിൽ പരാതി കിട്ടിയാൽ അതേപ്പറ്റി അന്വേഷിക്കുകയും നിയമവിധേയമായി പരിഹാരം ഉണ്ടാക്കുകയും ചെയ്യുക. അങ്ങനെ പരിഹാരം കാണാൻ സാധ്യമല്ലാത്ത സന്ദർഭങ്ങളിൽ സംഘടനയുടെ ഭരണസമിതിയുടെ തീരുമാനം അനുസരിച്ച് മറ്റു തരത്തിലുളള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

(5) സംഘടനയുടെ പ്രവർത്തനപരിധിയിൽ വരുന്ന കുടുംബങ്ങൾ തമ്മിൽ മൈത്രിയുണ്ടാക്കു കയും, സാമൂഹികബന്ധം വളർത്തി അംഗങ്ങളുടെ പൊതുവായ പ്രശ്നം ഏറ്റെടുത്ത് പരിഹാരങ്ങൾ കണ്ട് സഹായിക്കുകയും ചെയ്യുക. എന്നാൽ അംഗങ്ങൾ തമ്മിലുളള സാമ്പത്തികതർക്കങ്ങളിൽ ഭാരവാഹികളാരും കോടതിയിലോ, പോലീസ് സ്റ്റേഷനിലോ ഹാജരാകുവാൻ അധികാരമില്ലാത്തതുമാകുന്നു.

(6) പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി മറ്റു കഴിവതെല്ലാം പ്രവർത്തിക്കുക.

പ്രസിഡന്റ് സെക്രട്ടറി ട്രഷറർ

## നിയമാവലി

1. **പേര്**

ഈ സംഘടനയുടെ പേര് ഇളമനറോഡ് റസിഡന്റ്സ് അസോസിയേഷൻ എന്നായിരിക്കും.

2. **വിലാസം**

കൈപ്പിള്ളി ഇല്ലം, ഇളമനറോഡ്, തൃപ്പൂണിത്തുറ - 682 301

3. **പ്രവർത്തനപരിധി**

ചക്കംകുളങ്ങര ഇളമനറോഡു മുതൽ നക്കനാത്ത് വരെ പടിഞ്ഞാറുവശം
പ്രസ്തുതറോഡിൽ ഇരു ഭാഗത്തുമുള്ള ബൈലൈനുകളും വീടുകളും ഉൾക്കൊള്ളുന്നതാണ്.

4. **ഉദ്ദേശ്യലക്ഷ്യങ്ങൾ**

(1) യാതൊരുവിധ ലാഭോദ്ദേശ്യവുമില്ലാതെ വ്യക്തി രാഷ്ട്രീയങ്ങൾക്കും, സംഘടന രാഷ്ട്രീയങ്ങൾക്കും, ജാതിമത സാമ്പത്തിക പരിഗണനകൾക്കും അതീതമായി ഈ സംഘടന പ്രവർത്തിക്കുന്നതും, സംഘടനയുടെ യാതൊരു ധനവും അംഗങ്ങൾക്കിടയിൽ വീതിച്ച് നൽകുന്നതുമല്ലാത്തതാകുന്നു.

(2) സംഘടനയുടെ പ്രവർത്തനപരിധിയിൽ വരുന്ന അംഗീകൃത വീട്ടുടമകളുടെ പൗരാവകാശ നിയമാനുസൃത ആവശ്യങ്ങളും, അവകാശങ്ങളും നേടിയെടുക്കുക.

(3) ആവശ്യങ്ങളും അവകാശങ്ങളും ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടുക.

(4) ഏതെങ്കിലും അംഗത്തിന്റെയോ, അംഗങ്ങളുടെയോ 4.1 ൽ ഉദ്ദേശിച്ചിട്ടുള്ള അവകാശങ്ങളും ആവലാതികളും നിഷേധിക്കപ്പെട്ടതായി സംഘടനയിൽ പരാതി കിട്ടിയാൽ അതേപ്പറ്റി അന്വേഷിക്കുകയും നിയമവിധേയമായി പരിഹാരം ഉണ്ടാക്കുകയും ചെയ്യുക. അങ്ങനെ പരിഹാരം കാണാൻ സാധ്യമല്ലാത്ത സന്ദർഭങ്ങളിൽ സംഘടനയുടെ ഭരണസമിതിയുടെ തീരുമാനം അനുസരിച്ച് മറ്റു തരത്തിലുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

(5) സംഘടനയുടെ പ്രവർത്തന പരിധിയിൽ വരുന്ന കുടുംബങ്ങൾ തമ്മിൽ മൈത്രിയുണ്ടാക്കുകയും, സാമൂഹിക ബന്ധം വളർത്തി അംഗങ്ങളുടെ പൊതുവായ പ്രശ്നം ഏറ്റെടുത്ത് പരിഹാരങ്ങൾ കണ്ട് സഹായിക്കുകയും ചെയ്യുക. എന്നാൽ അംഗങ്ങൾ തമ്മിലുള്ള സാമ്പത്തിക തർക്കങ്ങളിൽ ഭാരവാഹികളാരും കോടതിയിലോ, പോലീസ് സ്റ്റേഷനിലോ ഹാജരാകുവാൻ അധികാരമില്ലാത്തതുമാകുന്നു.

(6) പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി മറ്റു കഴിവതെല്ലാം പ്രവർത്തിക്കുക.

5. **അംഗത്വം**

എ) അംഗങ്ങൾ മുൻഖണ്ഡിക 3ൽ പറഞ്ഞിട്ടുള്ള താമസക്കാരായിട്ടുള്ള 18 വയസ്സ് കഴിഞ്ഞ ആർക്കും 100 രൂപ അടച്ച് അംഗത്വം സ്വീകരിക്കാവുന്നതാണ്. ഇതിനുപുറമേ 25 രൂപ മാസവരി ആയും അടയ്ക്കണം. അംഗസംഖ്യ ഒരു വർഷത്തേയ്ക്ക് ഒന്നിച്ച് അടയ്ക്കുവാൻ അംഗങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. അംഗങ്ങൾ തമ്മിൽ പരസ്പരം ഉണ്ടാകുന്ന തർക്കങ്ങൾക്ക് ഭരണസമിതിയിലെ അദ്ധ്യക്ഷൻ അടക്കമുള്ള ഒരു മൂന്നംഗ ഉപസമിതിയുടെ തീരുമാനം അവസാനത്തേതായിരിക്കുന്നതും, ആയത് അംഗീകരിക്കുവാൻ അംഗങ്ങൾ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാകുന്നു.

ബി) പുതിയ അംഗത്വത്തിനുള്ള അപേക്ഷ നിശ്ചിത ഫാറത്തിൽ അപേക്ഷഫീസും, മാസവരിസംഖ്യയും സഹിതം സെക്രട്ടറി വശം കൊടുക്കേണ്ടതും, ആയതു കമ്മറ്റിയുടെ ശുപാർശയോടുകൂടി പൊതുയോഗത്തിൽ അംഗീകാരത്തിനും സമർപ്പിക്കേണ്ടതുമാണ്.

പ്രസിഡന്റ്      സെക്രട്ടറി      ട്രഷറർ

6. **അംഗത്വം റദ്ദാക്കൽ**

എ) അംഗത്വം റദ്ദാക്കാനുള്ള അധികാരം : ഏതൊരംഗത്തേയും അംഗത്വം അവസാനിപ്പിച്ച് അസോസിയേഷനിൽ നിന്നും പുറത്താക്കാൻ ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ബി) അംഗത്വം റദ്ദാക്കാനുള്ള കാരണം ഈ സംഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് സംഘടനയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതായി ബോദ്ധ്യമായാൽ ആ അംഗത്തെ അംഗത്വം റദ്ദാക്കി സംഘടനയിൽ നിന്നും പുറത്താക്കുന്നതാണ്.

7. **ഭരണക്രമം**

എ) ഒരു അദ്ധ്യക്ഷൻ, രണ്ട് ഉപാദ്ധ്യക്ഷൻമാർ, ഒരു കാര്യദർശി, രണ്ട് ഉപ-കാര്യദർശിമാർ, ഒരു ഖജാൻജി എന്നിവരുൾപ്പെടെ 17 (പതിനേഴ്) അംഗങ്ങൾ ഉള്ള ഒരു ഭരണസമിതി ഉണ്ടായിരിക്കുന്നതാണ്. ഈ ഭരണസമിതിയിലെ എല്ലാ അംഗങ്ങളേയും, പൊതുയോഗം തെരഞ്ഞെടുക്കേണ്ടതും ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന സമിതിയുടെ കാലാവധി ഒരു വർഷം ആയിരിക്കുന്നതുമാണ്. ഭരണസമിതിയിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പാക്കേണ്ടതാണ്.

.

ബി) പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് കഴിഞ്ഞ് തൊട്ടടുത്ത ദിവസം സംഘടന വക കാര്യങ്ങൾ ഏറ്റെടുക്കേണ്ടതും, സ്ഥാനം ഒഴിയുന്ന സമിതി സംഘടനയുടെ കണക്കുകളും, ബാദ്ധ്യതകളും മറ്റു റിക്കാർഡുകൾ സഹിതം പുതിയ കമ്മറ്റിയെ ഏൽപ്പിച്ചു കൊടുക്കേണ്ടതുമാണ്.

സി) ഭരണസമിതിയിലെ ഏതെങ്കിലുമൊരംഗം രേഖാമൂലം അറിയിക്കാതെ തുടർച്ചയായി 3 യോഗങ്ങളിൽ പങ്കെടുക്കാത്ത പക്ഷം ആ അംഗത്തെ കമ്മറ്റിയിൽ നിന്നും നീക്കം ചെയ്യാനുള്ള അധികാരം കമ്മറ്റിയ്ക്ക് ഉണ്ടായിരിക്കുന്നതും, അപ്രകാരം ഉണ്ടാകുന്ന ഇടക്കാല ഒഴിവുകളിലേയ്ക്ക് മറ്റു അംഗങ്ങളെ നിയമിക്കുന്നതിന് സമിതിക്ക് അധികാരം ഉണായിരിക്കുന്നതും ആണ്. ഈ സമിതിയുടെ ക്വോറം 7 ആയി നിജപ്പെടുത്തി യിരിക്കുന്നതുമാകുന്നു.

ഡി) ഭരണസമിതി മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതും സംഘടനയുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതുമാണ്. ഭരണസമിതിയുടെ തീരുമാനങ്ങൾക്ക് വിധേയമായി സംഘടനയുടെ ദൈനംദിന പ്രവർത്തനം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

8. **പൊതുയോഗം**

സംഘടനയുടെ പൊതുയോഗം വർഷത്തിലൊരിക്കലെങ്കിലും കൂടിയിരിക്കേണ്ടതാണ്. പൊതുയോഗത്തിന്റെ ക്വോറം ആകെ അംഗസംഖ്യയുടെ 1/3 (മൂന്നിൽ ഒന്ന്) ആയിരിക്കുന്നതും സംഘടനയുടെ പരമാധികാരം പൊതുയോഗത്തിൽ നിക്ഷിപ്തമായിരി ക്കുന്നതുമാണ്.

.

എ) പൊതുയോഗം വിളിച്ചു കൂട്ടുന്നതിനുള്ള ചുമതല അദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. പൊതുയോഗത്തിനുള്ള നോട്ടീസ് 7 ദിവസത്തിന് മുമ്പെങ്കിലും അംഗങ്ങൾക്ക് നൽകിയിരിക്കണം. എന്നാൽ ഭരണസമിതിയുടെ ആവശ്യപ്രകാരം പൊതുയോഗം വിളിച്ചുകൂട്ടുവാൻ സെക്രട്ടറിക്ക് വിശേഷാൽ അധികാരം ഉണ്ടായിരിക്കുന്നതാണ്.

പ്രസിഡന്റ് സെക്രട്ടറി ട്രഷറർ

ബി) നിയമാനുസൃത നോട്ടീസ് കൊടുത്തു പൊതുയോഗം വിളിച്ചു കൂട്ടിയതിൽ ക്വോറം തികയാതെ വന്നാൽ വീണ്ടും 15 ദിവസത്തിനകം പൊതുയോഗം വിളിച്ചുകൂട്ടേണ്ടതും, അപ്രകാരം വിളിച്ചു കൂട്ടുന്ന യോഗത്തിലും ക്വോറം തികയാതെ വന്നാൽ, ക്വോറം തികഞ്ഞതായി കണക്കാക്കി സാധാരണ യോഗത്തിന്റെ എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്.

9. ഭരണസമിതിയുടെ ഏതൊരംഗത്തിനും ഭരണസമിതിയോഗം വിളിച്ചുകൂട്ടുന്നതിന് സെക്രട്ടറിയോട് രേഖാമൂലം ആവശ്യപ്പെടാവുന്നതും അപ്രകാരം യോഗം ചേരുന്നതിനുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കാത്തപക്ഷം ഭരണസമിതിയിലെ അഞ്ചംഗങ്ങൾ ചേർന്നു നോട്ടീസ് നൽകി യോഗം വിളിച്ചുകൂട്ടുവാൻ സെക്രട്ടറിയോട് രേഖാമൂലം ആവശ്യപ്പെടാവുന്നതും, ഭരണസമിതിയുടെ അംഗീകാരത്തിനു വിധേയമായി ഒരു മാസത്തിനുള്ളിൽ പൊതുയോഗം വിളിച്ചു കൂട്ടാവുന്നതുമാണ്. അപ്രകാരം നടപടികൾ സ്വീകരിക്കാത്തപക്ഷം മൊത്തം അംഗങ്ങളുടെ 1/3 (മൂന്നിൽ ഒന്ന്) അംഗങ്ങൾ വ്യക്തമായ മേൽവിലാസവും തൊഴിലും അച്ചടിച്ച് പ്രസിദ്ധം ചെയ്ത് പൊതുയോഗം വിളിച്ചുകൂട്ടാവുന്നതും ആണ്.

10) ഈ നിയമാവലി ഭേദഗതി ചെയ്യുന്നതിന് പൊതുയോഗത്തിനു മാത്രം അധികാരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ 2/3 അംഗങ്ങളുടെ പിന്തുണ ആവശ്യമാണ്.

11) **<u>പ്രവർത്തനഫണ്ട്</u>**

അംഗങ്ങളിൽ നിന്നും ലഭിക്കുന്ന ഫീസും, സംഭാവനകളും ഈ സംഘടനയുടെ പ്രാഥമിക പ്രവർത്തനഫണ്ട് ആയിരിക്കുന്നതാണ്. അടിയന്തിര ഘട്ടങ്ങളിൽ നിന്നും സ്വീകരിക്കാവുന്ന സംഭാവനകളും സംഘടനയുടെ ധനാഗമ മാർഗ്ഗങ്ങൾ ആയിരിക്കുന്നതാണ്. അപ്രകാരം ലഭിക്കുന്ന സംഘടനയുടെ സാമ്പത്തിക വരുമാനം പൊതുയോഗം തെരഞ്ഞെടുക്കുന്ന ഓഡിറ്റർമാരുടെ ഓഡിറ്റിങ്ങിനും അംഗീകാരത്തിനും വിധേയമായി എല്ലാ വർഷവും ഇംഗ്ലീഷ് മാസം മാർച്ച് അവസാനത്തോടുകൂടി പരിഗണിക്കേണ്ടതാണ്.

എ) സംഘടനയുടെ പ്രാഥമിക പ്രവർത്തനഫണ്ടും, പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന സംഭാവനകളും, ഭരണസമിതി നിശ്ചയിക്കുന്ന ബാങ്കുകളിലോ മറ്റു നിക്ഷേപങ്ങളിലോ (അംഗീകൃതം) നിക്ഷേപിക്കേണ്ടതാണ്.

ബി) ഇപ്രകാരം നിക്ഷേപിക്കപ്പെടുന്ന പണം ആവശ്യമനുസരിച്ച് പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നിവർ ചേർന്ന് കൂട്ടായി കൈകാര്യം ചെയ്യേണ്ടതുമാണ്.

സി) ഭരണസമിതിയുടെ പ്രത്യേക നിർദ്ദേശം കൂടാതെ 1000 രൂപ (ആയിരം രൂപ) ക. യിൽ കവിഞ്ഞ യാതൊരു സംഖ്യയും ഖജാൻജി കൈവശം വെച്ചുകൊണ്ടിരിക്കാൻ പാടുള്ളതല്ല.

12. **<u>സമിതി പിരിച്ചുവിടൽ</u>**

അംഗ രജിസ്റ്ററിൽ ഉള്ള 3/4 അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായത്തോടെ അതിനായി പ്രത്യേകം വിളിച്ചുകൂട്ടുന്ന പൊതുയോഗത്തിൽ വച്ച് ഈ സമിതി പിരിച്ചുവിടാവുന്നതാണ്. അപ്രകാരം പിരിച്ചുവിടുവാൻ തീർച്ചപ്പെടുത്തുന്ന പക്ഷം സമിതിയുടെ ബാദ്ധ്യതകൾ തീർത്തതിനുശേഷമുള്ള കരുതൽ ധനം, ആസ്തികൾ മുതലായവ സമിതിയുടെ ഉദ്ദേശ്യങ്ങൾക്കോ, കേന്ദ്ര ഗവൺമെന്റിനോ നൽകേണ്ടതാണ്.

13. ഈ സംഘടന 1955 ലെ 12-ാം നമ്പർ തിരു കൊച്ചി ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിന് വിധേയമായി പ്രവർത്തിക്കുന്നതാണ്.

14. 07.03.2010-ൽ കൂടിയ പൊതുയോഗം അംഗീകരിച്ചു നിയമാവലിയുടെ ശരിപ്പകർപ്പാണിത്.

പ്രസിഡന്റ് സെക്രട്ടറി ട്രഷറർ